# സാഹിത്യവാരഫലം

2002/08/09 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

2002/08/09-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.




ഉള്ളൂർ പരമേശ്വരയ്യർ

കവി ഉള്ളൂർ പരമേശ്വരയ്യർ മരിച്ചു. ആ മഹച്ചരമം കഴിഞ്ഞിട്ട് അഞ്ചുമിനിറ്റായില്ല. ആകാശവാണി വിലാപകാവ്യം പ്രക്ഷേപണം ചെയ്തു. അതു കേട്ടവരൊക്കെ ആകാശവാണിയുടെ ഉചിതജ്ഞതയെ പ്രകീർത്തിച്ചെങ്കിലും അവരിൽ ആരും തന്നെ ഹ്രസ്വകാലത്തിനുള്ളിൽ ഒട്ടൊക്കെ ദീർഘമായ കാവ്യം രചിക്കാനാവുമോ എന്നാലോചിച്ചില്ല. ഉള്ളൂർ രോഗിയായി കിടക്കയിൽ വീണയുടൻ തന്നെ വിലാപകാവ്യം എഴുതാൻ തുടങ്ങിയിരിക്കണം കവി. പതിനഞ്ചു ദിവസമെങ്കിലും കാവ്യമെഴുതാൻ വേണ്ടിവന്നിരിക്കണം. ഒരു മാസം കൊണ്ട് അതിൽ തിരുത്തലുകൾ വരുത്തിയിരിക്കണം. ഓരോ ദിവസവും പത്രം വന്ന മുറ്റത്തു വീഴുന്ന ശബ്ദം കേട്ടു കവി ഓടിയിരിക്കണം. ഉള്ളൂർ മരിച്ചോ എന്ന പത്രമാകെ നോക്കിയിരിക്കണം. ഒരു ദിവസം മരിച്ച വാർത്ത വന്നപ്പോഴത് അദ്ദേഹം ആൾ ഇൻഡ്യ റേഡിയോ പ്രവർത്തിച്ചിരുന്ന ഭക്തിവിലാസത്തേക്കു കവിതയും കൊണ്ടോടിയിരിക്കണം.


ജി. ശങ്കരക്കുറുപ്പ്

ഞാൻ എറണാകുളത്തു ജോലി നോക്കിയിരുന്ന കാലത്താണ് കവി ജി. ശങ്കരക്കുറുപ്പ് രോഗിയായി ഒരു പ്രൈവറ്റ് ആശുപത്രിയിൽ കിടന്നത്. അതിനും അല്പം മുൻപാണ് അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷിച്ചത്. എറണാകുളത്തുള്ളവരെയൊക്കെ അദ്ദേഹം ഭദ്രാലയത്തിലേക്ക ക്ഷണിച്ച് സൽകരിച്ചെങ്കിലും എന്നെ അവഗണിച്ചു. എങ്കിലും ശങ്കരക്കുറുപ്പ് ആശുപത്രിയിലായി എന്നറിഞ്ഞ ഞാൻ റ്റാക്സിക്കാറിൽ അവിടെയെത്തി. അദ്ദേഹത്തെ കണ്ടു. അവശനായിക്കിടന്ന അദ്ദേഹത്തെക്കണ്ടു. ഞാൻ കണ്ണീരൊഴുകാതെ നിയന്ത്രണം പാലിച്ചു നിന്നു. ഒടുവിൽ ആ പാദങ്ങളിൽ തൊട്ടു കണ്ണിൽ വച്ചിട്ട് ഞാൻ ഓടി. അല്ലെങ്കിൽ എന്റെ കണ്ണീര് അദ്ദേഹവും സഹധർമ്മിണിയും കണ്ടു കൂടുതൽ ആകുലാവസ്ഥയിൽ ആകുമായിരുന്നു. പിന്നീട് കവിയുടെ മകൻ രവിയെ കണ്ടപ്പോൾ ഞാൻ പറഞ്ഞു—"I could not restrain my tears" രവി അറിയിച്ചു—"അതു ഞാൻ അറിഞ്ഞു."

ശങ്കരക്കുറുപ്പ് ആശുപത്രിയിൽ കിടന്ന കാലത്തു കേരളത്തിലും പുറത്തും പ്രചാരമുള്ള ഒരു ദിനപ്പത്രത്തിന്റെ എഡിറ്റർ—എല്ലാ മണ്ഡലങ്ങളിലും സ്വാധീനതയുള്ള എഡിറ്റർ—എന്നെ ലൂസിയ ഹോട്ടലിൽ വന്നു കണ്ടു. അദ്ദേഹത്തിന്റെ അപേക്ഷ രോഗിയായിക്കിടക്കുന്ന കവി മരിച്ചുവെന്ന് സങ്കല്പിച്ചു ലേഖനമെഴുതിക്കൊടുക്കണമെന്നായിരുന്നു. "എന്റെ മനസ്സ് അതിന് അനുമതി തരുന്നില്ല" എന്ന് ഞാൻ മറുപടി പറഞ്ഞു. "രഹസ്യമായിരിക്കും, എഴുതണം" എന്ന് അദ്ദേഹം വീണ്ടും ആവശ്യപ്പെട്ടപ്പോൾ "ഞാൻ ആ ദുഷ്കൃത്യം ചെയ്യുകയില്ല എന്ന് അസന്ദിഗ്ദ്ധമായി അദ്ദേഹത്തെ അറിയിച്ചു. പത്രാധിപർ പോയി. അദ്ദേഹം അതുകൊണ്ട് അവസാനിപ്പിച്ചില്ല. അക്കാര്യം ദിവസവും ടെലിഫോണിൽ എന്നെ വിളിച്ചു ലേഖനം എഴുതാൻ പ്രേരിപ്പിച്ചു. വലിയ തുക പ്രതിഫലമായി തരാമെന്ന് പറയുകയും ചെയ്തു എങ്കിലും ഞാൻ വഴങ്ങിയില്ല. പിന്നീടും ഒരു കൊല്ലത്തിലധികം കാലം കവി ജീവിച്ചിരുന്നു.




എനിക്കുണ്ടായ ധർമ്മരോഷം നമ്മുടെ സംസ്കാരത്തിന്റെ ഒരവിഭാജ്യഘടകമാണ്. പക്ഷേ, ഈ ധർമ്മാധർമ്മവിവേചനം പടിഞ്ഞാറുള്ളവർക്ക് അത്ര പ്രബലമല്ല എന്നു തെളിയിക്കുന്ന ഒരു നോവൽ ഞാൻ ഇന്നു വായിച്ചതേയുള്ളൂ. ആന്ദ്രേയി ക്വർകോഫിന്റെ (Andrey Kurkov) "Death and the Penguin" എന്ന നോവൽ. നോവലിസ്റ്റ് റഷനാണ്. വിക്ടർ ചെറുകഥയെഴുത്തുകാരൻ. അയാളുടെ ചെറുകഥ ഒരു പത്രത്തിന്റെ എഡിറ്റർ നിരസിച്ചു. പക്ഷേ, എഡിറ്റർ വിക്ടറെ പൂർണ്ണമായും നിരാശപ്പെടുത്തിയില്ല. പത്രത്തിനുവേണ്ടി ചരമക്കുറിപ്പുകൾ എഴുതാൻ അയാളോടു ആവശ്യപ്പെട്ടു. മരിച്ചവരെക്കുറിച്ചു എഴുതുക എന്നതല്ല രീതി ജീവിച്ചിരിക്കുന്നവരെപ്പറ്റി മുൻകൂറായി ചരമക്കുറിപ്പ് എഴുതിവയ്ക്കണം. ലോകമെമ്പാടുമുള്ള പത്രങ്ങൾ ഇതു ചെയ്യാറുണ്ടത്രേ. മറ്റാരും എഴുതാത്ത രീതിയിൽ വിക്ടർ മരണക്കുറിപ്പുകൾ എഴുതും. മാസന്തോറും മുന്നൂറു ഡോളറാണ് അയാൾക്ക പത്രാധിപർ നല്കുന്നത്. ക്ലീഷേ ഒഴിവാക്കിക്കൊണ്ട് മൗലികമായി മരണത്തെക്കുറിച്ച് വിക്ടർ എഴുതിയതിന്റെ ഒരു Specimen നല്കട്ടെ: "Writers and State Deputy Aleksandr Yakornitsky is no longer with us in the third row of the Chamber, a leather seat stands empty. To be occupied before long by another. But in the hearts of the many who knew Aleksandr Yakornitsky there will be a sense of emptiness, of profound loss" (pp. 29) വിക്ടറുടെ പേരില്ല കുറിപ്പിൽ 'A group of friends' എന്നേ അതിന്റെ താഴെ വച്ചിട്ടുള്ളു. വിക്ടറിന്റെ ചരമക്കുറിപ്പ് അനുസരിച്ച് വ്യക്തികൾ മരിക്കുന്നു. ഒരാൾ വെടിയേറ്റാണ് മരിക്കുന്നതെങ്കിൽ വേറൊരാൾ അനേകം നിലകളുള്ള കെട്ടിടത്തിൽനിന്ന് വീണാണ് ചരമം പ്രാപിക്കുന്നത്. സോവിയറ്റ് യൂണിയൻ തകർന്നതിനുശേഷമുള്ള Ukraine പ്രദേശത്താണ് ഇതെല്ലാം സംഭവിക്കുക. കുറ്റകൃത്യങ്ങൾ ഇങ്ങനെ അനവരതം നടക്കുമ്പോൾ വിക്ടർ മുൻകൂറായി ചരമക്കുറിപ്പുകൾ എഴുതിയും ജന്തുശാലയിൽ നിന്നു കിട്ടിയ പെൻഗ്വിൻ പക്ഷിയെ സ്നേഹപൂർവ്വം വളർത്തിയും ഒരുത്തൻ ഏല്പിച്ച ഒരു കൊച്ചുപെൺകുട്ടിയെ സ്വന്തം വീട്ടിൽ സംരക്ഷിച്ചും കഴിഞ്ഞുകൂടുകയാണ് പെൻഗ്വിന്റെ പേരു മിഷ എന്ന്. അങ്ങനെയിരിക്കെ പെൻഗ്വിന് രോഗം വന്നു ഡോക്ടർ പക്ഷിയെ പരിശോധിച്ചിട്ട് ഹൃദയം മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിച്ചു. മോട്ടോർ അപകടത്തിൽപ്പെട്ടു മാരകമായ ക്ഷതമേറ്റ ഒരാൺകുട്ടിയുടെ മാതാപിതാക്കളിൽനിന്ന് അവന്റെ ഹൃദയം വിക്ടർ മേടിച്ചു. ഹൃദയശസ്ത്രക്രിയ വിജയകരമായി നടന്നു. പക്ഷിയെ ധ്രുവത്തിലേക്കു അയച്ച് അതിനെ ഗാർഹിക ബന്ധനത്തിൽനിന്നു മോചിപ്പിച്ചു വിക്ടർ നോവൽ അവസാനിക്കുന്നു. Where is the penguin? എന്ന് ഒരാളിന്റെ ചോദ്യം വിക്ടറോട് "The Penguin is me" എന്ന് അയാളുടെ ഉത്തരം പെൻഗ്വിൻ കുറെക്കാലം ബന്ധനത്തിലായിരുന്നല്ലോ. പോസ്റ്റ് സോവിയറ്റ് പ്രദേശത്തു എല്ലാ പൗരന്മാരും ബന്ധനത്തിലാണ് എന്നാണോ നോവലിസ്റ്റ് ധ്വനിപ്പിക്കുന്നത്? പക്ഷി ഏതിന്റേയോ പ്രതിരൂപമാണ് ഏതിന്റേതെന്ന് എനിക്കു മനസ്സിലായില്ല. ഒരുപക്ഷേ, സോവിയറ്റ് യൂണിയന്റേതാകാം. അതിനു താൽക്കാലിക ഹൃദ്രോഗം വരുന്നതും രക്ഷപ്പെടുന്നതും ഗോർബച്ചേവിന്റെ ഭരണത്തെയാവും സൂചിപ്പിക്കുക. യെൽറ്റ്സിന്റെ ഭരണമാകാം രോഗത്തിൽ നിന്നുള്ള മുക്തി എല്ലാം എന്റെ അഭ്യൂഹങ്ങൾ മാത്രം.


ആന്ദ്രേയി ക്വർകോഫ്

ഏതായാലും നോവൽ വായിക്കുന്നവർക്ക് അന്യവത്കരണബോധത്തിൽപ്പെട്ട ജനതയെ കാണാൻ കഴിയും. മൈനർ ക്ലാസിക് എന്ന് ഈ നോവലിനെ Lesley Chamberlain വിശേഷിപ്പിക്കുന്നു. അതിനോട് യോജിക്കാൻ വയ്യ. നോവൽ വായിച്ചു കഴിഞ്ഞതിനുശേഷം പെൻസിൽ കൊണ്ട് അതിന്റെ അവസാനത്തെ പുറത്തിൽ ഞാൻ എഴുതിയത് Trash എന്നും Contrived എന്നുമാണ്. അതാണ് ശരിയെന്ന് ഞാൻ വിചാരിക്കുന്നു. (Death and the Penguin, Andrey Kurkov, Translated from the Russian by George Bird. pp. 228. Price UK GBP 6.99.)

## ആ രേഖയെ മാനിക്കു

ആലപ്പുഴ തെക്കനാര്യാട്ടു തറയിൽ വീട്ടിൽ എക്സൈസ് പ്യൂൺ വേലായുധൻ പിള്ളയുടെ മകൻ ഭാസ്കരപ്പണിക്കരാണ് എനിക്ക് സർദാർ കെ. എം. പണിക്കരുടെ 'ബാലികാമതം' എന്ന ആഭാസകാവ്യം വായിക്കാൻ തന്നത്. അച്ഛൻ കാണരുത് എന്ന് മുന്നറിയിപ്പ് നല്കി ഭാസ്കരപ്പണിക്കർ തന്ന ആ പുസ്തകം ഞാൻ മേശവലിപ്പു തുറന്ന അതിനകത്ത് വച്ചിട്ട് മേശപ്പുറത്തു പഠിക്കാനുള്ള പുസ്തകം നിവർത്തി വയ്ക്കും. കണ്ണ് എപ്പോഴും "ബാലികാമത"ത്തിൽ. പിതാവ് ഞാൻ ഇരുന്നു പഠിക്കുന്ന കൊച്ചുമുറിയുടെ മുൻവശത്തുള്ള വരാന്തയിലൂടെ അങ്ങോട്ടു മിങ്ങോട്ടും നടക്കും. എന്റെ വായനയുടെ കള്ളത്തരം കണ്ടുപിടിച്ച പിതാവ് പെട്ടെന്ന് മുറിയിലേക്കു കടന്നുവന്ന വലിപ്പിനകത്തു തുറന്നുവച്ചിരുന്ന "ബാലികാമതം" എടുത്തു. പുസ്തകത്തിന്റെ പാതിഭാഗത്തിലെത്തിയിരുന്ന ഞാൻ.

> "കാൺക നീ പന്തൊത്തുരുണ്ട തടിച്ചൊരി
> ക്കൊങ്കതൻ ചാരു സൗഭാഗ്യമെല്ലാം
> പ്രേമപുരസ്സരമെൻ കാന്തൻ കൈകളാ
> ലോമനിച്ചുള്ള പൊൻകുംഭയുഗ്മം"

എന്ന തുടങ്ങി കൊച്ചാൺപിള്ളേർക്ക് കാമഭ്രാന്ത് ഉണ്ടാക്കുന്ന

> 'ഭാഗ്യം മഹാഭാഗ്യം എൻതോഴി ഇങ്ങനെ
> ഭാഗ്യം നിറഞ്ഞ മുലകളുണ്ടോ?

ആഭാസത്തരവും സഭ്യതയും തമ്മിലുള്ള രേഖ വളരെ നേർത്തതാണ്. കരുതി പ്രയോഗിച്ചില്ല പദമെങ്കിൽ സഭ്യത തെറിയായി മാറും. ഇതുപോലെയാണ് ജേണലിസവും കലയും.

എന്ന വരികളിൽ അവസാനിക്കുന്ന ആ ഭാഗം ഞാൻ വീണ്ടും വീണ്ടും വായിച്ച് എന്നെത്തന്നെ മറന്നിരിക്കുന്ന സന്ദർഭത്തിലാണ് പിതാവ് അതു പിടിച്ചെടുക്കാൻ വന്നത് "ചെറുക്കൻ വായിക്കുന്ന പുസ്തകം കണ്ടില്ലേ?" എന്നു പിതാവ് അമ്മയോടു ദേഷ്യത്തിൽ പറയുന്നതു ഞാൻ കേട്ടു. പിന്നീട് കെ. എം. പണിക്കരുടെ 'ബാലികാമതം' ഞാൻ കണ്ടിട്ടില്ല. മേശവലിപ്പിനകത്തുവയ്ക്കാതെ ചാരുകസേരയിൽ കിടന്ന് പിതാവ് അതു വായിച്ചിരിക്കണം വീണ്ടും വീണ്ടും വായിച്ചിരിക്കണം. എന്നിട്ട് ദിവ്യമായ ഗ്രന്ഥമെന്നപോലെ അലമാരിയിൽ സൂക്ഷിച്ചുവച്ചിരിക്കണം. അല്ലെങ്കിൽ അടുത്ത വീട്ടിലെ സുന്ദരിയായ മധ്യവയസ്കയ്ക്ക് സ്നേഹപൂർവ്വം സമ്മാനിച്ചിരിക്കണം. (ഞാൻ മുകളിലെഴുതിയ വരികൾ ഓർമ്മ നല്കിയതാണ്) കെ. എം. പണിക്കരുടെ ഈ കാവ്യബീഭത്സതയോടു വള്ളത്തോളിന്റെ ഈ വരികൾ താരതമ്യപ്പെടുത്തു.

> പുല്പായിൽനിന്നെഴുന്നേറ്റിളം പെൺകൊടി
> ശുഭ്രരമായണ പുസ്തകത്തെ
> ചെമ്പട്ടു കഞ്ചുകച്ചന്തമായ്ത്താരുണ്യ
> സമ്പത്തുയർന്നവരുന്ന മാറിൽ.
> കല്ലും പവിഴവും പൊന്നുമണിഞ്ഞുള്ള
> കണ്ഠം തൊട്ടുമാറു വച്ചഴകിൽ
> ഇത്തിരി ചാഞ്ഞൊരു തണ്ടലർ പോലായ
> വക്ത്രത്തിൻ കീഴ്ശ്ശം കൊണ്ടമർത്തി."

സംസ്കാര സമ്പന്നനാണ് വള്ളത്തോളെന്ന് ഈ വരികൾ ഉദ്ഘോഷിക്കുന്നില്ലേ? എന്തൊരു മനോഹാരിതയാണ് ഈ വരികൾക്ക്! ആഭാസത്തരവും സഭ്യതയും തമ്മിലുള്ള രേഖ വളരെ നേർത്തതാണ് കരുതി പ്രയോഗിച്ചില്ല പദമെങ്കിൽ സഭ്യത തെറിയായി മാറും. ഇതുപോലെയാണ് ജേണലിസവും കലയും. അവയ്ക്കിടയ്ക്കുള്ള നേരിയ രേഖയെ ആ രേഖയായി നിറുത്താതെ അതിനെ ജേണലിസത്തിലേക്കു നീക്കുകയാണ് 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയെഴുതിയ സുരേഷ് ഐക്കര (കഥ ദേശാഭിമാനി വാരികയിൽ) റാഹേലിന്റെ വീട്ടിൽ വെള്ളം കയറുകയാണ് അവളുടെ ഭർത്താവു എവിടെയോ പോയിരിക്കുന്നു. പലരും സഹായിക്കാനെത്തി അവളെ. ആ സഹായം അവൾ സ്വീകരിക്കുന്നില്ല. എന്നും വരട്ടെ. ഭർത്താവ് വീട്ടിൽ തിരിച്ചെത്തുന്നതുവരെ വീട്ടിൽ നിന്നു പോരില്ല എന്നാണ് റാഹേലിന്റെ നിലപാട്. ഒടുവിൽ ഭർത്താവിന്റെ മൃതദേഹം—ക്ഷതമാർന്ന ശരീരം—വെള്ളത്തിൽ കിടക്കുന്നതു ഞാൻ കാണുന്നു. സെന്റിമെന്റ് വേറേ, സെന്റിമെന്റലിസം വേറേ. ഇവ തമ്മിലുള്ള വ്യത്യാസം അംഗീകരിക്കാതെ സെന്റിമെന്റലിസത്തിന്റെ—വികാരചാപല്യത്തിന്റെ—മറുകണ്ടത്തിലേക്കു ചാടാനേ സുരേഷിന് അറിയൂ. ഈ സത്യം തെല്ലു പേടിയോടെ എഴുതുകയാണ് ഞാൻ. കഥ കൊള്ളുകില്ലെന്നു പറഞ്ഞാൽ അതു സ്വീകരിക്കാതെ പരുക്കൻ പദങ്ങൾ കൊണ്ടു വിമർശകനെ ഏറ്റുന്ന ആളാണ് സുരേഷ് എന്ന വസ്തുത പൂർവ്വകാലാനുഭവംകൊണ്ട് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

തങ്ങൾ ആരുടെ ശൈലിയെ അനുകരിക്കുന്നുവോ അദ്ദേഹത്തെ കവികൾ പുച്ഛിക്കും. ചങ്ങമ്പുഴയെ ഇന്നത്തെ പല കവികളും പുച്ഛിക്കുന്നതിന്റെ കാരണമതാണ്.

നിത്യജീവിതത്തിൽ ക്രമവും വ്യവസ്ഥയുമില്ല. ഡാർവിനാണെന്നു തോന്നുന്നു കന്നിന്റെ മുകളിൽനിന്ന് മിന്നലേറ്റു മരിക്കുന്ന ഒരുത്തന്റെ കഥ വിവരിച്ചിട്ടുള്ളത്. വിദ്യുച്ഛക്തിയുടെ സാമാന്യനിയമമനുസരിച്ചാണ് മരണം സംഭവിക്കുന്നത്. അയാൾ ജനിച്ചയുടനേ ജാതകമെഴുതിയ ജ്യോത്സ്യൻ ആ മരണം ഇടിമിന്നലേറ്റുണ്ടാകുമെന്ന് മുൻകൂട്ടി പറയാൻ കഴിയുകയില്ല. ആ പാവം തെറ്റായ സ്ഥലത്ത് തെറ്റായ സമയത്തു നിന്നു പ്രകൃതിക്ക് സദാചാരത്തിലോ സന്മാർഗ്ഗത്തിലോ പരിഗണനയില്ല മനുഷ്യൻ നല്ലവനോ ചീത്തയോ ആകട്ടെ അവന്റെ സ്വഭാവമെന്തായാലും ഇടി വീഴും. അവൻ ഭസ്മമാകും. പ്രകൃതിനിയമമാണത്. ഇതല്ല കലയുടെ ലോകം. അതിനു നിയമങ്ങളുണ്ട്. ആ നിയമങ്ങൾ അനുസരിച്ച് സൃഷ്ടി നടത്തുമ്പോൾ ക്രമവും വ്യവസ്ഥയുമുള്ള ലോകം ഉണ്ടാകുന്നു. പലരും വന്നു വിളിച്ചിട്ടും റാഹേൽ വെള്ളം കയറിയ വീട്ടിൽനിന്നു രക്ഷപ്പെടാൻ കൂട്ടാക്കാത്തത് കഥാകാരനു വെള്ളപ്പൊക്കത്തിൽ ഭർത്താവു മരിച്ചെന്നു പിന്നീടു പറയാനാണ്. കഥാകാരന്റെ ഈ ലോകം വിശ്വസനീയമല്ല. അതിൽ ക്രമവും വ്യവസ്ഥയുമില്ല. സുരേഷ് ഐക്കര കഥാകാരനാണ് എന്ന വിശ്വാസം എനിക്കില്ല.

### ചോദ്യം, ഉത്തരം

**ചോദ്യം:** ഭർത്താവ് എപ്പോഴും വ്യക്തിത്വം പാലിക്കുന്ന ആളാണോ?

**ഉത്തരം:** ഭാര്യ മകളുടെ പ്രസവമെടുക്കുന്നതിന് അവളുടെ വീട്ടിൽപ്പോയി താമസിക്കുന്ന കാലമത്രയും അയാൾ സ്വതന്ത്രൻ. എന്ന് ഭാര്യ തിരിച്ചുവരുമോ അന്നുതൊട്ടു ദാസൻ.

**ചോദ്യം:** തിരുവനന്തപുരത്തെ വാടകകെട്ടിടങ്ങൾ?

**ഉത്തരം:** ഉടമസ്ഥന്മാർക്ക് പതിനൊന്നു മാസം കൂടുമ്പോൾ ഇരട്ടിവാടക വാങ്ങാനുള്ളവ.

**ചോദ്യം:** ഏതു യത്നമാണ് പ്രയാസം നിറഞ്ഞത്?

**ഉത്തരം:** ഏതെങ്കിലും പ്രദേശത്തിന്റെ പടമെടുത്ത് നിങ്ങളുടെ മനസ്സിലുള്ള സ്ഥലമെവിടെയെന്നു കണ്ടുപിടിക്കുന്നത്. കേരളത്തിന്റെ പടം വിടർത്തിവച്ച് ആലപ്പുഴ എവിടെയെന്നു നോക്കുക. എളുപ്പത്തിൽ കണ്ടുപിടിക്കാനാവില്ല.

**ചോദ്യം:** പരുക്കൻ പെരുമാറ്റം പക്ഷേ, എപ്പോഴും നല്ലവൻ ഇങ്ങനെ ഒരാൾ ലോകത്തുണ്ടോ?

**ഉത്തരം:** ഉണ്ടായിരുന്നു. തിരുവനന്തപുരത്തെ സംസ്കൃത കോളേജിലെ പ്രൊഫെസർ ഇ. വി. ദാമോദരൻ. കഷ്ടം അദ്ദേഹം ഇന്നില്ല.

**ചോദ്യം:** ശാശ്വതമൊന്നേ ദ്രോഹം. ഇതു സ്വാർത്ഥകമാക്കിയ ആളാര്?

**ഉത്തരം:** ഒരു കൊളിജിയേറ്റ് ഡയറക്ടർ. പേരു പറയുന്നതു ശരിയല്ല. അദ്ദേഹത്തിന്റെ ബന്ധുക്കൾ ജീവിച്ചിരിക്കുന്നു. ഞാൻ പറഞ്ഞത് സത്യമാണെന്ന് അവരും സമ്മതിക്കും. പക്ഷേ, അവർക്കു വേദന തോന്നും.

**ചോദ്യം:** സ്ത്രീകളുടെ സാഹിത്യരചനകളുടെ സവിശേഷതയെന്ത്?

**ഉത്തരം:** മാധവിക്കുട്ടിയുടെ (കമലാദാസ്സിന്റെ) രചനകൾ ഒഴിച്ച ശേഷമുള്ളവയെല്ലാം ഗർഭാശയങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു.

**ചോദ്യം:** വള്ളത്തോളിനെ എൻ. ഗോപാലപിള്ള പുച്ഛിച്ചിരുന്നു എന്നു കേൾക്കുന്നതു ശരിയാണോ?

**ഉത്തരം:** എനിക്കറിഞ്ഞുകൂടാ ശരിയാവാൻ മാർഗ്ഗമുണ്ട്. വള്ളത്തോൾ ശൈലിയിൽ കവിതയെഴുതിയ ആളായിരുന്നു ഗോപാലപിള്ള. തങ്ങൾ ആരുടെ ശൈലിയെ അനുകരിക്കുന്നുവോ അദ്ദേഹത്തെ കവികൾ പുച്ഛിക്കും. ചങ്ങമ്പുഴയെ ഇന്നത്തെ പല കവികളും പുച്ഛിക്കുന്നതിന്റെ കാരണമതാണ്.

## ഫെയ്ക്ക്

കെ. വി. മോഹൻകുമാറിന്റെ 'നാലു നാവികരും ഒരു യുവതിയും ചരിത്രത്തിൽ ഇടപെടുമ്പോൾ' എന്ന രചന (മാതൃഭൂമി ആഴ്ചപ്പതിപ്പ്) കലയല്ല, കഥയുമല്ല അത് കലാഭാസമാണ്, കഥാഭാസമാണ്. കാരണങ്ങൾ പലത് ചിലതു സൂചിപ്പിക്കാം.


ഉറൂബ്

ചെറുകഥയിലെ ഇതിവൃത്തവും ആഖ്യാനവും താദാത്മ്യം പ്രാപിക്കണം. തമ്മിൽച്ചേരാത്ത രീതിയിൽ വെവ്വേറെ നില്ക്കരുത് ഒരു കപ്പലിനകത്തെ ബലാത്സംഗത്തെ വർണ്ണിക്കുന്ന ഈ രചനയിൽ ഇതിവൃത്തം ഒന്നുമില്ല. വല്ലതുമുണ്ടെങ്കിൽ അത് ആഖ്യാനവുമായി പിരിച്ചെടുക്കാൻ വയ്യാത്ത വിധത്തിൽ ഒന്നായിട്ടില്ല. ഉറൂബിന്റെ 'വാടകവീടുകൾ' എന്ന മനോഹരമായ കഥ നോക്കുക. സംഭവങ്ങൾ വേറെ, ആഖ്യാനം വേറെ എന്ന് അക്കഥ വായിക്കുമ്പോൾ നമുക്കു തോന്നുന്നില്ല. ആ തക്കാളി നന്ന് ആ കവിത നന്ന് എന്നു പറഞ്ഞു സാഹിത്യകാരൻ നടന്നു പോകുമ്പോൾ നമ്മൾ ആർദ്രമനസ്കരായിത്തീരുന്നു. ക്രിയാംശവും ആഖ്യാനവും ഒരുമിച്ചുചേരുന്നതിന്റെ ഫലമാണിത്. ഒരു മോഹൻകുമാറിന്റെ കഥയിലെ ബലാത്സംഗവർണ്ണനം വായിക്കുമ്പോൾ നമുക്കു നിസ്സംഗത. ഇത് ഇതിവൃത്തവും ആഖ്യാനവും തമ്മിൽ മൈലുകളോളം ദൂരമുള്ളതുകൊണ്ടാണ്. ദുർഗ്രഹങ്ങളായ വാക്യങ്ങൾ കൊണ്ട് കൃത്രിമത്വം സൃഷ്ടിക്കുന്ന മാതൃഭൂമിയിലെ കഥാകാരൻ.

നിസ്സാരമായ ഒരു കൈലേസ്സിട്ട് ഷെക്സ്പിയർ ട്രാജഡിയാക്കുന്നു. കപ്പലിൽ ഒരു സ്ത്രീയുടെ ചാരിത്രം അപഹരിക്കുന്നതു കണ്ടിട്ടും നമ്മൾക്കു ചാഞ്ചല്യമില്ല. കഥയിലെ ഓരോ സംഭവത്തിനും ഓരോ വസ്തുവിനും പ്രകമ്പനം ഉളവാക്കുന്ന ശക്തി നല്കണം കഥയെഴുത്തുകാരൻ. ആ ശക്തിനല്കലിന് സഹായം അരുളുന്നത് ഭാവനയാണ്. അതു മോഹൻകുമാറിന് തീരെയില്ല. ഇംഗ്ലീഷിലാവട്ടെ ഇനിയുള്ള അഭിപ്രായ പ്രകടനം. A short story should be an attractive form of composition ഇതിന് രചനയുടെ രൂപമില്ല. അതുകൊണ്ട് ഇതു ആകർഷകവുമല്ല. എന്റെ ദൃഷ്ടിയിൽ മോഹൻകുമാർ ഫെയ്ക്കാണ്.

## അവേക്ഷണങ്ങൾ (Remarks)

തോന്നയ്ക്കൽ വാസുദേവൻ എന്റെ ക്ലാസ്സിൽ ഇരുന്നിട്ടുണ്ട്. പ്രഗല്ഭനായ വിദ്യാർത്ഥി. ബുദ്ധിശക്തിയിൽ അദ്ദേഹത്തെ അതിശയിച്ചവർ പിന്നീട് എന്റെ ക്ലാസ്സിൽ വന്നിട്ടില്ല. അതുകൊണ്ട് ശിഷ്യസ്നേഹപരതന്ത്രനായ എനിക്കു ധൈര്യത്തോടെ എഴുതാം. ഉള്ളെഴുത്ത് മാസികയിൽ അദ്ദേഹം "ലൈംഗിക മനഃശാസ്ത്രത്തിന്റെ രാഷ്ട്രീയം" എന്ന തലക്കെട്ടിൽ ലേഖനം എഴുതിയിരിക്കുന്നു. രാഷ്ട്രത്തെ സംബന്ധിക്കുന്നത് രാഷ്ട്രീയം. രാഷ്ട്രീയമെന്ന് ആകാമെന്നേയുള്ളു. രാഷ്ട്രീയം വിശേഷണമാണ്. അതു നാമത്തിന്റെ രീതിയിൽ ഭാഷയിൽ പ്രയോഗിക്കുന്നെങ്കിലും മലയാളാധ്യാപകനായ വാസുദേവൻ വിശേഷണത്തെ നാമമാക്കി പ്രയോഗിച്ചുകൂടാ.

'ഇരുപതാം നൂറ്റാണ്ടിന്റെ ചിന്തയിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ശക്തിയാണ്' എന്നു വാസുദേവൻ. സ്വാധീനം വിശേഷണമാണ്. അതിനാൽ സ്വാധീനത എന്നു വേണം.

ഫ്രോയിഡ് എന്നു വാസുദേവൻ എഴുതുന്നു. ശരിയായ ഉച്ചാരണം എഴുതിക്കാണിക്കാൻ വയ്യ. ഫ്രോയിറ്റ് എന്നെഴുതിയാൽഭേദം (സ്ലീഹ്മൂൻറ്റ് ഫ്രോയിറ്റ്).

'സാമൂഹ്യശാസ്ത്രത്തിന്റെയും' എന്നും വാസുദേവൻ സാമൂഹ്യം തെറ്റ് സാമൂഹികം ശരി.

'നിർഭാഗ്യവശാൽ'—ദൗർഭാഗ്യം എന്നുവേണം

'വേഗതയേറിയ ഒരു മാറ്റം' എന്ന് വേറൊരു പ്രയോഗം—വേഗത ശരിയല്ല. വേഗം എന്നാകാം.

'വസന്തങ്ങളുടെ താഴ്വരകളിൽ മാത്രം നിന്ന കവിയാണ് ചങ്ങമ്പുഴ' എന്നു വിഷ്ണുനാരായണൻ നമ്പൂതിരി (ഉള്ളെഴുത്തുമാസിക, പുറം 18) ചങ്ങമ്പുഴ അധിത്യകയിൽ നില്ക്കുന്ന കവിയാണ്. എഴുത്തച്ഛനുപോലും ചങ്ങമ്പുഴയുടെ സിദ്ധികളില്ല.

'സ്വപ്നജീവികളുടെ നിത്യവിസ്മയവും യൗവനവും (യൗവ്വനവും എന്ന് അച്ചടിയിൽ. അതു തെറ്റ്) അനുരാഗവും ഊർജ്ജവും നിലനിർത്താൻ സഹായിക്കുന്ന കവിതയും ആവശ്യമുണ്ട്.'


'സ്വപ്നജീവികളുടെ നിത്യവിസ്മയവും യൗവനവും അനുരാഗവും ഊർജ്ജവും കടവയറും നിലനിറുത്താൻ സഹായിക്കുന്ന കവിതയും ആവശ്യമുണ്ട്.' എന്നു വിഷ്ണുനാരായണൻ നമ്പൂതിരി പറഞ്ഞെങ്കിൽ എനിക്കും അതിനോട് യോജിക്കാമായിരുന്നു.

Stephen Jay Gould-ന്റെ പുസ്തകങ്ങൾ വായിച്ചിട്ടുണ്ടോ എന്റെ വായനക്കാർ. ഇല്ലെങ്കിൽ ഉടനെ വായിക്കണം. നമുക്കു ധൈഷണികാഹ്ലാദമുണ്ടാകും.


Stephen Jay Gould

മതിപൂർവ്വകമായ (designed) നിയമങ്ങളും മതിപൂർവ്വകമല്ലാത്ത (undesigned) ഫലങ്ങളും ചിന്തകൻ മരത്തിലിരിക്കുന്ന പക്ഷിയെ കാണുന്നു. അദ്ദേഹത്തിനു വിശക്കുന്നു. തോക്കെടുത്ത് അതിനെ വെടിവയ്ക്കുന്നു. അദ്ദേഹം അതു ചെയ്യുന്നതു മതിപൂർവ്വകമായിട്ടാണ്. കരുതിക്കൂട്ടിയാണ് നിരപരാധനും നല്ലവനുമായ ഒരാൾ മരച്ചുവട്ടിൽ നില്ക്കുന്നു. ഇടി വീണ അയാൾ മരിക്കുന്നു. നിങ്ങൾ വിചാരിക്കുന്നുണ്ടോ ഈശ്വരൻ കരുതിക്കൂട്ടി അയാളെ കൊന്നതാണെന്ന്? നിങ്ങൾ അതു വിശ്വസിക്കുന്നുണ്ടെങ്കിൽ പക്ഷി വണ്ടിനെ ഭക്ഷിച്ചത് ഈശ്വരനിശ്ചയത്താലാണെന്ന് വിശ്വസിക്കുന്നുണ്ടോ? മനുഷ്യനും വണ്ടിനും ഒരേ ദുർദ്ദശ വന്നെന്ന് ചിന്തകൻ വിശ്വസിക്കുന്നു. മനുഷ്യന്റെയും വണ്ടിന്റെയും മരണം മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതല്ലെങ്കിൽ അവരുടെ ആദ്യജനനവും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതല്ല.

രാഷ്ട്രവ്യവഹാരമണ്ഡലത്തിൽ പ്രവർത്തിക്കുന്നവർക്കു കള്ളം പറയാതിരിക്കാൻ വയ്യ. അവരുടെ അസ്തിത്വം തന്നെ കള്ളത്തിൽ അടിയുറച്ചിരിക്കുകയാണ്. സത്യം പറയേണ്ട സാഹിത്യകാരനും രാഷ്ട്രീയപ്രവർത്തകന്മാരെപ്പോലെ ആയിരിക്കുന്നു. അവർ വ്യാജപ്രക്രിയകളിലൂടെ നിലനില്ക്കാൻ ശ്രമിക്കുന്നു. വിജയം പ്രാപിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇന്നത്തെ മലയാളസാഹിത്യമണ്ഡലത്തിൽ സദാചാരവും സന്മാർഗ്ഗവും ഒട്ടും തന്നെയില്ല. സാഹിത്യകാരന്മാർ കായങ്കുളം കൊച്ചുണ്ണി, മുളമൂട്ട് അടിമ, ഇത്തിക്കരപ്പക്കി ഈ തസ്കര പ്രമാണിമാരെപ്പോലെ തസ്കരന്മാരായി മാറിയിരിക്കുന്നു. കള്ളന്മാരെ ബഹുജനം പേടിക്കുന്നതുപോലെ സാഹിത്യകാരന്മാരെയും പേടിച്ചുതുടങ്ങുന്ന ദിനം അത്ര ദൂരത്തല്ല.


ലെനിൻ

"ഞാനാണെടേ ഉവ്വേ കേരളത്തിൽ ആദ്യമായി കമ്മ്യൂണിസം കൊണ്ടുവന്നത്" എന്നു പി. കേശവദേവ് ലക്ഷത്തിയമ്പതിനായിരം തവണ എന്നോടു പറഞ്ഞിട്ടുണ്ട്. മാർക്സിന്റെ സിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റെ ജന്മദേശത്തു പ്രായോഗികതലത്തിൽ എത്തിയില്ലല്ലോ അതു റഷയിലാണ് സംഭവിച്ചത്. അതിനു നേതൃത്വം നല്കിയത് ലെനിനായിരുന്നു. റഷയിൽ കമ്മ്യൂണിസം സ്ഥാപിച്ചതു ലെനിൻ. കേരളത്തിൽ കമ്മ്യൂണിസം സ്ഥാപിച്ചത് കേശവദേവ്. അതിനാൽ ലെനിനും കേശവദേവും സമന്മാർ ഈ സമാനതയെ അവലംബിച്ച് ലെനിൻ—കേശവദേവ് എന്ന് ലോകോത്തര നോവലായ 'ഓടയിൽനിന്ന്' എന്നതിന്റെ രചയിതാവായ കേശവദേവിനെ വിളിക്കാം ഞാനിത് എഴുതുമ്പോൾ ലെനിന്റെ മൃതദേഹം അസ്വസ്ഥതയോടെ തിരിയുകയും മറിയുകയും ചെയ്യുന്നത് എന്റെ അന്തർനേത്രം കാണുന്നു. 'പാവങ്ങൾ' എഴുതിയ വിക്തോർ യൂഗോ ശവക്കല്ലറയിൽ എഴുന്നേറ്റിരുന്ന് കൂവുന്നതും ഞാൻ ആന്തരശ്രോത്രം കൊണ്ടു കേൾക്കുന്നു.

സാഹിത്യകാരന്മാർ കായങ്കുളം കൊച്ചുണ്ണി, മുളമൂട്ട് അടിമ ഇത്തിക്കരപ്പക്കി ഈ തസ്കര പ്രമാണിമാരെപ്പോലെ തസ്കരന്മാരായി മാറിയിരിക്കുന്നു.

വർഷം ഓർമ്മയില്ല. ഞാനും മന്മഥൻസ്സാറും എവിടെയോ പോയിട്ട് തിരുവനന്തപുരത്തേയ്ക്കു തിരിച്ചുപോവുകയായിരുന്ന തീവണ്ടിയിൽ. ട്രെയിൻ കൊല്ലത്തെത്തിയപ്പോൾ വേറൊരു കംപാർട്ടുമെന്റിൽ നിന്നിറങ്ങിയ കേശവദേവ് പ്ലാറ്റ്ഫോമിലൂടെ നടക്കുന്നതു ഞങ്ങൾ കണ്ടു. ഞാൻ കണ്ടഭാവം നടിച്ചില്ല. മന്മഥൻസാറ് 'ദേവ്' എന്നു വിളിച്ചു. അദ്ദേഹം തിരിഞ്ഞുനോക്കി. മന്മഥൻസാറ് ദേവിനോടു ചോദിച്ചു—"അല്ല ദേവ് എന്നാണ് തമിഴ്നാട്ടിലെ ദ്രാവിഡമുന്നേറ്റ കഴകത്തിൽ അംഗമാകുന്നതെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. എന്നാണ് ആ സുദിനം?" കേരളത്തിലെ ലെനിൻ പല പാർട്ടികളിലെയും നേതാക്കന്മാരോട്—റിയാക്ഷനറി പാർട്ടികളിലെ നേതാക്കന്മാരോടുപോലും ബന്ധം സ്ഥാപിച്ചതിനെ ലക്ഷ്യമാക്കിയായിരുന്നു മന്മഥൻ സാറിന്റെ ആ ചോദ്യം. ഭാഗ്യംകൊണ്ട് തീവണ്ടി നീങ്ങി. അല്ലെങ്കിൽ പുളിച്ച തെറി ദേവ്, പുരുഷ രത്നമായ മന്മഥനെ വിളിക്കുന്നത് കേൾക്കേണ്ടതായി വന്നേനെ എനിക്ക്. ട്രെയിൻ വൈകിയോടിയതുകൊണ്ടു പെട്ടെന്ന് തീവണ്ടിയാപ്പീസ് വിട്ടത് എന്റെ മഹാഭാഗ്യം. കേശവദേവ് ആരെയും തെറിവിളിക്കും ദേഷ്യം വന്നാൽ. ഒരിക്കൽ എൻ. പി. ചെല്ലപ്പൻനായരെ അസഭ്യപദങ്ങൾകൊണ്ട് വർഷിക്കുന്നതു ഞാൻ കണ്ടു. (അതോ കേട്ടോ) കേരളത്തിൽ ഒരേയൊരു ആളിനെ മാത്രമേ ദേവ് എതിർക്കാതിരുന്നുള്ളൂ. കെ. ബാലകൃഷ്ണൻ. അദ്ദേഹം അസഹനീയമായ അസഭ്യപദങ്ങളാൽ ദേവിനെ അഭിഷേകം ചെയ്താലും ദേവ് എടാ ബാലാ, എടാ ബാലാ എന്നു ചിരിച്ചുകൊണ്ടു വിളിക്കുമായിരുന്നു. കേരള ലെനിന്റെ ദുരവസ്ഥ!

കേശവദേവിന്റെ ദുർഭാഷണം കേട്ട് വേദിയിൽ തളർന്നുവീണവരിൽ ചിലർ—'ധിക്കൃതശക്രപരാക്രമി'യായ എൻ. ഗോപാലപിള്ള (കവികോകിലം കുഞ്ഞൻ എന്നാണ് സാറ് കൂടിയുള്ള സമ്മേളനത്തിൽ അദ്ദേഹത്തെ ദേവ് സംബോധന ചെയ്തത്) സർദാർ കെ. എം. പണിക്കർ (അദ്ദേഹത്തെ സാഹിത്യപരിഷത്തിന്റെ സമ്മേളനത്തിൽ 'കളിർമുലക്കവി' യെന്നാണ് ദേവ് വിളിച്ചത്) പാലാ നാരായണൻനായർ (ചീത്തവിളി പാരമ്യത്തിലെത്തിയപ്പോൾ പാലാ ഒരു ഉണ്ടെഴുതി ദേവിന്റെ കൈയിൽ കൊടുത്തു 'തേജോവധം ചെയ്യരുത്' എന്നായിരുന്നു കവിയുടെ അഭ്യർത്ഥന) അല്പപ്രഭാവനായ എം. കൃഷ്ണൻനായർ (അയാളെ പച്ചത്തെറി വിളിച്ചിട്ടു അയാളുടെ കുടുംബാംഗങ്ങളെ തെറി വിളിക്കാൻ ദേവ് തുടങ്ങിയപ്പോൾ എന്റെ കൂട്ടുകാരൻ ഇടവാ ജമാൽ മുഹമ്മദ്—സ്കൂൾ ഹെഡ്മാസ്റ്റർ—ദേവിനോട് അപേക്ഷിച്ചു ഇനി ആക്രമിക്കരുത് എന്ന്) കേശവദേവിന്റെ ഈ പാരമ്പര്യം ചില എഴുത്തുകാർ ഇപ്പോഴും പുലർത്തിപ്പോരുന്നുണ്ട് രചനകളിലും പ്രഭാഷണങ്ങളിലും. എല്ലാവർക്കും കെ. ബാലകൃഷ്ണന്റെ വ്യക്തിപ്രാഭാവവും സ്വത്വശക്തിയുമില്ലല്ലോ.


- സ്വത്വത്തെപ്പറ്റിയുള്ള അപഗ്രഥനാത്മകമായ ബോധം. 'ഞാൻ', 'സ്വയം' എന്നൊക്കെ വിശേഷിപ്പിക്കാവുന്ന ഒന്നിന്റെ സാന്നിധ്യ ത്തെക്കുറിച്ചുള്ള വിവാദം.
- എന്താണോ 'സ്വത്വം' എന്ന് ഇപ്രകാരം നിർവ്വചിക്കപ്പെടുന്നത്, അതിന്റെ തന്മയെ സംബന്ധിച്ച വിവാദം.

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന് ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യവാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014